**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5552** **03-11-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് കാരണം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ കണക്ക് സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |
| (ബി) | ഇവർക്ക് എന്തെല്ലാം സഹായം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്; എത്ര കുട്ടികൾക്ക് ഈ സഹായം ലഭ്യമായിട്ടുണ്ട്; ഇനി എന്തെല്ലാം സഹായം നൽകാൻ ബാക്കിയുണ്ട്; വ്യക്തമാക്കുമോ? | (ബി) | മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് സുരക്ഷിതമായ ജീവിതം ഒരുക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനുമായി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നുണ്ട്. 20/06/2021-ാം തീയതിയിലെ സ. ഉ (കൈ) നം. 18/2021/സാനീവ പ്രകാരം ഇത്തരം കുട്ടികൾക്ക് 3 ലക്ഷം രൂപ ഒറ്റത്തവണയായി നൽകുന്നതിനും 18 വയസ്സുവരെ പ്രതിമാസം 2000/- രൂപ വീതം നൽകുന്നതിനും, ബിരുദതലം വരെയുള്ള വിദ്യാഭ്യാസച്ചെലവ് ഏറ്റെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 52 കുട്ടികൾക്കായി 1,65,24,000/- രൂപ (ഒരു കോടി അറുപത്തി അഞ്ചു ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) ജില്ലകൾക്ക് അലോട്ട്മെന്റായി നൽകിയിട്ടുണ്ട്. അവശേഷിയ്ക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിനായി ആവശ്യമായ അന്വേഷണങ്ങൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അടിയന്തിരമായി പൂർത്തിയാക്കി തുക അനുവദിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

ഉണ്ട്. കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 10 |
| 2 | കൊല്ലം | 5 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 7 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 4 |
| 7 | എറണാകുളം | 9 |
| 8 | തൃശ്ശൂർ | 16 |
| 9 | പാലക്കാട് | 7 |
| 10 | മലപ്പുറം | 5 |
| 11 | കോഴിക്കോട് | 7 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 7 |
| | ആകെ | 90 |